(ബി) ഇതനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് എത്ര ഏക്കർ ഭൂമി തിരിച്ചു പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വ്യവസായം ആരംഭിക്കുന്നതിന് അനുവദിച്ച ഭൂമിയിൽ വ്യവസായം ആരംഭിക്കാതെയോ പൂട്ടിപ്പോയതോ ആയ എത്ര ഏക്കർ ഭൂമിയുണ്ടെന്നും ഇത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ ;

(ഡി) വ്യവസായ ആവശ്യത്തിനായി അനുവദിച്ച ഭൂമിയിൽ നിശ്ചിത കാലയളവിൽ വ്യവസായം ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും അടച്ചു പൂട്ടിയവരിൽ നിന്നും ഭൂമി തിരിച്ചു പിടിക്കുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) സമർപ്പിച്ച പദ്ധതികൾക്കനുസരിച്ചല്ലാതെ അനുവദിച്ച ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) ഉണ്ട്.

(ബി) ഇതനുസരിച്ച് ഈ സർക്കാരിന്റെ കാലത്ത് 59.1695 ഏക്കർ ഭൂമി തിരിച്ചുപിടിച്ചിട്ടുണ്ട്.

(സി) വ്യവസായം ആരംഭിക്കുന്നതിന് അനുവദിച്ച ഭൂമിയിൽ വ്യവസായം ആരംഭിക്കാതെയോ പൂട്ടിപ്പോയതോ ആയ 162.782 ഏക്കർ ഭൂമി ഉണ്ട്. ഇത് എവിടെയൊക്കെയാണെന്ന് കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) ഉണ്ട്. ചില സാഹചര്യങ്ങളിൽ കോടതി വ്യവഹാരം നിലനിൽക്കുന്നതിനാലും വ്യവസായ സംരംഭകർ ഭീമമായ ലോൺ കുടിശ്ശിക വരുത്തിയിട്ടുള്ള സാഹചര്യത്തിലും ധനകാര്യ സ്ഥാപനങ്ങൾ ഭൂമി അറ്റാച്ച് ചെയ്യുന്നതുമൂലവും ഭൂമി തിരിച്ചെടുക്കൽ നടപടി പൂർത്തീകരിക്കാൻ സാധിക്കാതെവരുന്നു.

(ഇ) ഉണ്ട്. ഇത്തരം യൂണിറ്റുകളിൽനിന്നും സ്ഥലം തിരിച്ചുപിടിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമി ആറളം ഫാമിംഗ് കോർപ്പറേഷന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണ

14 (*614) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ഭൂമിയിൽ പകുതി ആറളം ഫാമിംഗ് കോർപ്പറേഷന് കൈമാറുമ്പോൾ ഉണ്ടാക്കിയ ധാരണകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ധാരണയനുസരിച്ച് ആദിവാസികൾക്ക് ജോലി നൽകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലുള്ള ജോലിക്കാരിൽ എത്രപേർ ആദിവാസി വിഭാഗത്തിലുള്ളവരാണെന്ന് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) ഫാമിൽ നിന്നുള്ള വരുമാനത്തിന്റെയും മറ്റും കണക്കെടുപ്പ് ശരിയായ രീതിയിൽ നടത്താറുണ്ടോ ; ഏറ്റവും ഒടുവിലത്തെ വരവ് ചെലവ് കണക്കുകൾ വിശദമാക്കാമോ ;

(ഇ) ഫാമിലെ കശുവണ്ടി സംഭരണം ഇപ്പോൾ ആരെയാണ് ഏൽപിച്ചിട്ടുള്ളത് ; കാപ്പക്സ് കശുവണ്ടി ശേഖരിച്ചിരുന്ന കാലത്തേക്കാൾ വളരെ ചെറിയ ശതമാനം മാത്രമേ ഇപ്പോൾ ശേഖരിക്കുന്നുള്ളൂ എന്നതിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികവകുപ്പുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി) :

(എ) പുനരധിവസിക്കപ്പെടുന്ന പട്ടികവർഗ്ഗ കുടുംബങ്ങളുടെ മുഖ്യ സേവനദാതാവായി പ്രവർത്തിക്കുന്നതിനുവേണ്ടിയാണ് ടി.എസ്.പി. ഫണ്ട് ഉപയോഗിച്ച് വാങ്ങിയ ആറളത്തെ ഭൂമിയുടെ പകുതി ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ് എന്ന കമ്പനിയുടെ പേരിൽ നിലനിർത്തുവാൻ തീരുമാനിച്ചത്. മറ്റ് പ്രധന വിഷയങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇപ്പോൾ ആദിവാസികളായ 363 പേരെ കാഷ്വൽ തൊഴിലാളികളായും 3 പേരെ കാഷ്വൽ ഡ്രൈവർമാരായും നിയമിച്ചിട്ടുണ്ട്.

(സി) ഉണ്ട്. നിലവിലുള്ള ജീവനക്കാരിൽ ഒരു സ്ഥിരം ജീവനക്കാരനും 9 സ്ഥിരം തൊഴിലാളികളും 363 കാഷ്വൽ തൊഴിലാളികളും 3 കാഷ്വൽ ഡ്രൈവർമാരും ഒരു കരാർ ജീവനക്കാരിയും ആദിവാസി വിഭാഗത്തിൽ ഉൾപ്പെട്ടവരാണ്.

(ഡി) ഉണ്ട്. 2013-14 വർഷത്തെ ഓഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് ആകെ വരവ് 10,80,93,890 രൂപയും ചെലവ് 10,36,01,799 രൂപയുമാണ്.

(ഇ) ഫാമിലെ കശുവണ്ടി സംഭരണം ആരെയും ഏൽപ്പിച്ചിട്ടില്ല. പാകമായ കശുവണ്ടി ഫാമിനെ നേരിട്ട് സംഭരിച്ച് നിലവിലുള്ള നിയമപ്രകാരം ഫാമിലെ നിബന്ധനകൾക്ക് വിധേയമായി ദർഘാസ്/വേലപ്രകാരം വിൽപ്പന നടത്തുന്നു. ഇക്കാര്യത്തിൽ മറ്റ് തരത്തിലുള്ള ആക്ഷേപങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly